കോ–ഓർഡിനേഷൻ കമ്മിറ്റി
**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 15/2023

28.07.2023

# സ്ത്രീകൾക്കും മാതൃത്വത്തിനുമെതിരായ മാനേജ്മെന്റിന്റെ അതിക്രമം അവസാനിപ്പിക്കുക

Rape പോലും യുദ്ധമുറയാവുന്ന ഒരു കാലഘട്ടത്തിൽ സ്ത്രീ വിരുദ്ധത ഒരു രാഷ്ട്രീയ ഉപകരണമായാണ് ചിലയിടങ്ങളിൽ ഉപയോഗിക്കുന്നത്. വർത്തമാനകാലത്ത് അത്തരം ഒരു സാധ്യത ഉപയോഗപ്പെടുത്തുന്ന തിരക്കിലാണ് നമ്മുടെ മാനേജ്മെന്റും. ഭൂരിപക്ഷം ജീവനക്കാരും വനിതകളായ നമ്മുടെ ബാങ്കിൽ, ഏതെല്ലാം തരത്തിൽ സ്ത്രീകളെ ചൂഷണം ചെയ്യാം എന്ന് ഗവേഷണം നടത്തുകയാണ് ഇവിടുത്തെ മാനേജ്മെൻറ്. സുപ്രധാനമായ വിംഗിന്റെ തലപ്പത്ത് ഇരിക്കുന്നതും ആ വിംഗിന്റെ ചുമതലയുള്ള ജനറൽ മാനേജർ സ്ഥാനത്ത് ഇരിക്കുന്നതുമെല്ലാം വനിതകൾ ആയിരിക്കുമ്പോഴാണ് ഇത്തരമൊരു വിരോധാഭാസം പ്രകടമാവുന്നത്. രാജ്യത്തിന്റെ പ്രഥമപൗര ഒരു വനിതയായിരിക്കുന്ന ഘട്ടത്തിൽ ത്തന്നെ ഇത്തരം സാഹചര്യങ്ങൾ ഒരു കേന്ദ്രപൊതുമേഖലാ സ്ഥാപനത്തിൽ നിലനിൽക്കുന്നു എന്നത് അത്യന്തം ഗൗരവത്തോടെയാണ് നാം കാണുന്നത്. സ്ത്രീകൾക്ക് നേരെയുള്ള മാനേജ്മെന്റിന്റെ ഇത്തരം കടന്നാക്രമണങ്ങളെ എതിർത്തു തോൽപ്പിക്കുവാനും തിരുത്തിക്കാനും ആർജ്ജവമുള്ള ഒരു സംഘടന നമുക്കുണ്ട് എന്നും സ്ത്രീകളുടെ അന്തസിനും ആത്മാഭിമാനത്തിനും വിലയിടാൻ ഏത് അധികാര കേന്ദ്രങ്ങൾ ശ്രമിച്ചാലും അതിനെതിരെ ശബ്ദമുയർത്താൻ നമ്മുടെ സംഘടനയേ ഉള്ളൂ എന്നും കഴിഞ്ഞ ദിവസങ്ങളിലെ സംഭവ വികാസങ്ങൾ അടി വരയിടുന്നു.

സ്ത്രീ വിരുദ്ധത മുഖമുദ്രയാക്കിയ ബാങ്ക് മാനേജ്മെന്റിന് അതിന്റെ മൂർദ്ധാവിൽ ഏറ്റ പ്രഹരമായിരുന്നു കഴിഞ്ഞ ദിവസം HO യിൽ നടന്ന പ്രതിഷേധം. Maternity leave വനിതകളുടെ അവകാശമാണ്... അത് ആരുടേയും ഔദാര്യമല്ല..! നമ്മുടെ 11th Bipartite settlement പ്രകാരം ഇരട്ടക്കുട്ടികളുണ്ടാവുന്ന വനിതകൾക്ക് 8 മാസം വരെ ലീവ് അനുവദിക്കാം. 2020 നവംബറിൽ settlement ഒപ്പിട്ടുവെങ്കിലും അതിന്റെ ഗുണം 2023 മെയ് 15 നാണ് ഒരു circular മുഖേന നമ്മുടെ ബാങ്കിൽ പ്രാബല്യത്തിൽ വരുത്തിയത്. അത് പ്രകാരം effective date 01.04.2023 ആയാണ് കാണിച്ചിരിക്കുന്നത്. അത് തന്നെ അന്യായമാണ്. BPS ഒപ്പിട്ട തീയതിക്ക് പുറമെ മറ്റൊരു തീയതിയും നിശ്ചയിക്കാൻ നമ്മുടെ മാനേജ്മെന്റിന് ഈ വിഷയത്തിൽ അധികാരമില്ല. മാനേജ്മെന്റ് പറഞ്ഞത് 01.04.2023 ന് ശേഷം ML തുടങ്ങിയവർക്ക് മാത്രമേ 8 മാസം എന്ന ആനുകൂല്യം അനുവദിക്കുള്ളൂ എന്നാണ്. എന്നാൽ 6 മാസം ML എന്നത് നേരത്തെയുള്ള ആനുകൂല്യം ആണ്. അധികമായി 2 മാസം കൂടി എടുക്കാം എന്നത് മാത്രമാണ് പുതുതായി വന്ന സൗകര്യം. അത് പോലും ജീവനക്കാർക്ക് ആകെ ലഭിക്കുന്ന 12 മാസത്തിനകത്ത് നിന്ന് മാത്രമേ ലഭ്യമാവൂ എന്നതിനാൽ മാനേജ്മെന്റ് പറയുന്ന സർക്കുലർ പ്രകാരം തന്നെ 01.04.2023 ന് ML ൽ തുടരുന്ന ആർക്കും ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് എന്ന് സംഘടന ശക്തമായി വാദിച്ചെങ്കിലും ഒരുതരത്തിലും അംഗീകരിക്കാൻ മാനേജ്മെന്റ് തയ്യാറായില്ല എന്ന് മാത്രമല്ല, അപേക്ഷ ഒരു തവണ reject ചെയ്യുകയും വീണ്ടും അപേക്ഷിച്ചപ്പോൾ അതിനുമുകളിൽ അടയിരിക്കുകയും ചെയ്തു. പിന്നീട് LOP യിലേക്ക് പോകേണ്ടി വന്ന ജീവനക്കാരിക്ക് ഒരാഴ്ച കഴിഞ്ഞ് ജോയിൻ ചെയ്യേണ്ടിയും വന്നു. തുടർന്നാണ് അതിശക്തമായ രീതിയിൽ സംഘടന പ്രതിഷേധിക്കുകയും പത്രസമ്മേളനം വിളിക്കാൻ ആലോചിക്കുകയും ബാങ്കിന് പുറത്തെ അധികാര കേന്ദ്രങ്ങളെ ഉൾപ്പെടെ ഇടപെടുവിക്കാൻ തീരുമാനിക്കുകയും ചെയ്തുകൊണ്ട് മുന്നോട്ടുപോയപ്പോഴാണ് മാനേജ്മെന്റ് തങ്ങൾക്ക് സംഭവിച്ച തെറ്റ് തിരുത്തി പൂഴ്ത്തി വച്ച അപേക്ഷകൾ പരിഗണിച്ച് അർഹമായ അവധി ആനുകൂല്യം അനുവദിക്കുകയും ചെയ്തത്.

ഇവിടെ നടന്ന അസാധാരണമായ മറ്റൊരു നടപടി സ്ത്രീത്വത്തെ തന്നെ വെല്ലുവിളിക്കുന്ന തരത്തിലുള്ളതാണ്. നമ്മുടെ ബാങ്കിലെ ഒരു ജീവനക്കാരി മാനേജരുടെ മാനസിക പീഢനം സഹിക്കാനാവാതെ രേഖാമൂലം പരാതി കൊടുക്കുന്നു. ഏതൊരു പരാതിയും അതിന്റെ ഗൗരവത്തിലെടുക്കേണ്ട മാനേജ്മെന്റ് അതിനെ നിരുപാധികം തള്ളിക്കളയുന്ന നിലപാടാണ് സ്വീകരിച്ചത്. പരാതിക്കുമുകളിൽ നേരിട്ടുള്ള അന്വേഷണം പോയിട്ട് വാക്കാലുള്ള ഒരന്വേഷണം പോലും നടത്തിയില്ല എന്ന

ഞെട്ടിപ്പിക്കുന്ന വസ്തുതയാണ് വെളിപ്പെട്ടത്. പരാതി നൽകി 5 മാസങ്ങൾക്ക് ശേഷവും മറുപടി നൽകാത്ത വിഷയത്തിൽ സംഘടനയുടെ അതിശക്തമായ പ്രതിഷേധത്തെത്തുടർന്ന് ഇപ്പോൾ മറുപടി നൽകിയിരിക്കുകയാണ്. എന്നാൽ ആ മറുപടി, വാദിയെ പ്രതിയാക്കിക്കൊണ്ടാണ് നൽകിയിരിക്കുന്നത്. ഒരു ഫോൺകോൾ വഴി പോലും അന്വേഷണം നടത്താതെ തെറ്റായ ആരോപണമാണ് ഉയർത്തിയത് എന്നാരോപിച്ച് ഇരയ്ക്കെതിരെ നടപടിയെടുക്കും എന്ന തരത്തിലാണ് കത്ത് പോയിരിക്കുന്നത്. ഇതുവഴി, ഇരയോടൊപ്പമല്ല വേട്ടക്കാർക്കൊപ്പമാണ് തങ്ങൾ നിൽക്കുക എന്ന് മാനേജ്മെന്റ് ഏകപക്ഷീയമായി പ്രഖ്യാപിച്ചിരിക്കുകയാണ്.

29 OATD മാരുടെ നിയമനവുമായി ബന്ധപ്പെട്ട വിഷയം നമുക്കേവർക്കുമറിയാം. അതിൽ ഉൾപ്പെട്ട ഒരു വനിതാ ജീവനക്കാരി മൂന്ന് വർഷങ്ങൾക്ക് മുന്നെ Maternity leave എടുക്കുകയുണ്ടായി. ലീവിൽ പ്രവേശിച്ച കാലയളവിൽ കൃത്യമായി ശമ്പളവും ലഭ്യമായി. എന്നാൽ, അവർക്ക് ML എടുക്കാൻ യോഗ്യതയില്ല എന്ന് പറഞ്ഞ്, നൽകിയ ശമ്പളം തിരിച്ചു പിടിക്കാൻ നടപടി കൈക്കൊള്ളുന്ന കാഴ്ചയാണ് പിന്നീട് നാം കണ്ടത്. അതിന്റെ ആദ്യപടിയായി നൽകിയ ശമ്പളത്തിൽ ബാക്കിയുണ്ടായിരുന്ന തുകയ്ക്ക് മുകളിലവർ lien mark ചെയ്തു. അക്കൗണ്ടിൽ ബാലൻസ് ഉള്ള തുക പോലും എടുക്കാനാവാത്ത അവസ്ഥ. Maternity benefit act പ്രകാരം കരാർ ജീവനക്കാർക്ക് പോലും ML എടുക്കാൻ അർഹത ഉണ്ട് എന്ന വസ്തുത മറച്ചു വച്ച്, ബാങ്കിന്റെ pay roll പ്രകാരം ശമ്പളം പറ്റുന്ന, സ്വന്തമായി സ്റ്റാഫ് നമ്പർ ഉള്ള ഒരു ജീവനക്കാരിക്ക് അർഹമായ ആനുകൂല്യം തടഞ്ഞു വച്ചതിലൂടെ അവിടെയും സ്ത്രീകളോടും മാതൃത്വത്തോടും തങ്ങൾക്കുള്ള നിലപാട് പ്രഖ്യാപിക്കുകയായിരുന്നു മാനേജ്മെന്റ് ചെയ്തത്. അതിശക്തമായി പ്രതിഷേധം നടത്തിയാണ് അന്നും നാം ആ ജീവനക്കാരിക്ക് നീതി ലഭ്യമാക്കിയത്. എന്നാൽ, സ്വന്തം മകന്റെ വിദ്യാഭ്യാസ ആവശ്യത്തിന് ഫീസ് അടക്കാൻ ഗതിയില്ലാതെ മറ്റുള്ളവരുടെ ദയാവായ്പിന് വേണ്ടി കാത്തിരിക്കേണ്ടി വന്ന ആ അമ്മയുടെ കണ്ണീരിന്, സ്വന്തം കുഞ്ഞിന്റെ ആരോഗ്യത്തിന് പോഷകാഹാരം വാങ്ങിക്കാൻ പോലും കെൽപ്പില്ലാത്ത ഒരമ്മയുടെ ദുരവസ്ഥയ്ക്ക് ആരാണ് സമാധാനം പറയുക? ഇത്തരം ചെയ്തികൾക്ക് മുൻപിൽ നമ്മുടെ സ്ഥാപനത്തിന്റെ വില താണു കൊണ്ടേയിരിക്കും.

കോവിഡ് സമയത്ത് മുലയൂട്ടുന്ന അമ്മമാർക്ക് ഗവണ്മെന്റിന്റെ നിർദേശപ്രകാരം work from Home faciltiy ഉണ്ടായിരുന്നു. അത് പ്രകാരം ആ സൗകര്യം ഉപയോഗപ്പെടുത്തിയ ഒരു ജീവനക്കാരിയുടെ ശമ്പളം, മാനേജ്മെന്റ് തിരിച്ചുപിടിച്ചിരിക്കുകയാണ്. ഓരോ ദിവസവും വീട്ടിലിരുന്ന് ചെയ്യാനാവശ്യമായ ജോലി ബ്രാഞ്ചിൽ നിന്ന് നൽകുകയും അതിന്റെ റിസൾട്ട് ബ്രാഞ്ചിന്റെ മെയിലിലേക്ക് ആ ജീവനക്കാരി അതാത് ദിവസം നൽകി വരികയും ചെയ്യുന്നുണ്ടായിരുന്നു. എന്നിട്ടും അവരുടെ ശമ്പളം തിരിച്ചു പിടിക്കാൻ മാനേജ്മെന്റ് തുനിഞ്ഞു എന്നത് അതീവഗൗരവത്തിൽ നാം കാണേണ്ടുന്ന വിഷയമാണ്.

സ്ത്രീകൾ അബലകളും ഉന്നതരുടെ വാക്കുകൾ വള്ളിപുള്ളി വിടാതെ അനുസരിക്കേണ്ടവളാണെന്നുമുള്ള പുരുഷാധിപത്യ പൊതുബോധത്തിന്റെ ഏറ്റവും അവസാനത്തെ നമ്മുടെ കണ്മുന്നിലുള്ള ഏതാനും ചില ഉദാഹരണങ്ങളാണിവ. എന്നാൽ, ഇവിടെ ഒരു സംഘടനയുണ്ട് എന്നും ജീവനക്കാരുടെ ന്യായമായ ഏതവകാശങ്ങളും നേടിയെടുക്കാൻ ആ സംഘടന പര്യാപ്തമാണ് എന്നതും മാനേജ്മെന്റ് ഓരോ നിമിഷവും വിസ്മരിക്കുകയാണ്. അത് എന്നെന്നേക്കുമായി മാനേജ്മെന്റിനെ ഓർമപ്പെടുത്താൻ നാം തീരുമാനിക്കുകയാണ്.

**ഓർക്കുക പ്രതിഷേധങ്ങൾ വെറും പ്രകടനങ്ങളല്ല അത് പ്രക്ഷോഭങ്ങൾക്കുള്ള മുന്നൊരുക്കമാണ്.**

അഭിവാദനങ്ങളോടെ,

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 9847407673

karline29.deviantart